**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**

**തിരുവനന്തപുരം 695033**

**E-mail:vig.vacb@kerala.gov.in**

**ഫോൺ നം. 0471-2305393**


**തീയതി 01. 08. 2023**

# "വിജിലൻസ് മേധാവിയായി ശ്രീ. ടി. കെ. വിനോദ് കുമാർ ഐ.പി.എസ്. ചുമതലയേറ്റു."

വിജിലൻസ് മേധാവിയായി ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ശ്രീ. ടി. കെ. വിനോദ് കുമാർ ഐ. പി. എസ്. ഇന്ന് (01/08/2023) രാവിലെ ചുമതലയേറ്റു. കഴിഞ്ഞ ഒരു വർഷക്കാലം വിജിലൻസ് മേധാവിയായിരുന്ന ശ്രീ. മനോജ് എബ്രഹാം ഐ. പി. എസ്സിൽ നിന്നാണ് ശ്രീ. വിനോദ് കുമാർ ഐ. പി. എസ്. വിജിലൻസ് മേധാവിയായി ചുമതല ഏറ്റത്. 1992 ബാച്ച് ഐ.പി.എസ്സ്. ഓഫീസറാണ് ശ്രീ . ടി. കെ. വിനോദ് കുമാർ ഐ. പി. എസ്.

കഴിഞ്ഞ ഒരു വർഷമായി വിജിലൻസ് മേധാവിയായിരുന്ന ശ്രീ മനോജ് എബ്രഹാം ഐ.പി.എസ്, ഇന്റലിജൻസ് മേധാവിയായതിനെ തുടർന്നാണ് വിജിലൻസ് മേധാവിയായി ശ്രീ ടി. കെ. വിനോദ് കുമാറിനെ സർക്കാർ നിയമിച്ചത്.

ഇന്ന് (01/08/2023) രാവിലെ 10:30 മണിയോടെയാണ് വിജിലൻസ് ആസ്ഥാനത്ത് വച്ച് ശ്രീ ടി. കെ. വിനോദ് കുമാർ ചാർജ്ജെടുത്തത്. വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്സ്., വിജിലൻസ് ആസ്ഥാനത്തെ ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ ഇ. എസ്സ്. ബിജുമോൻ എന്നിവർ സന്നിഹിതരായിരുന്നു.


പുതിയ വിജിലൻസ് മേധാവിയായി ചുമതലയേൽക്കുന്ന ടി.കെ. വിനോദ് കുമാർ ഐ.പി.എസ്


പുതിയ വിജിലൻസ് മേധാവി ടി. കെ. വിനോദ് കുമാർ ഐ.പി.എസ്–നെ പൂച്ചെണ്ട് നൽകി സ്വീകരിക്കുന്ന വിജിലൻസ് ഐ.ജി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്

## <u>യാത്ര അയപ്പ് നൽകി</u>.

വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ഇന്റലിജൻസ് മേധാവിയായി സ്ഥലം മാറിപ്പോകുന്ന ശ്രീ മനോജ് എബ്രഹാം ഐ.പി.എസ്സിന് വിജിലൻസ് ആസ്ഥാനത്ത് വച്ച് യാത്രയയപ്പ് നൽകി. പ്രസ്തുത ചടങ്ങ് ശ്രീമതി. ഹർഷിത അട്ടല്ലൂരി ഐ.പി.എസ്സ്. ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വിജിലൻസ് ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ. ഇ. എസ്സ്. ബിജുമോൻ സ്വാഗതവും, വിജിലൻസ് സ്പെഷ്യൽ സെൽ തിരുവനന്തപുരം പോലീസ് സൂപ്രണ്ട് ശ്രീ ആർ. ബി. രവി ഐ.പി.എസ്സ്., വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്ക പോലീസ് സൂപ്രണ്ട് ശ്രീ. റെജി ജേക്കബ് ഐ.പി.എസ്സ്, വിജിലൻസ് തെക്കൻ മേഖലാ പോലീസ് സൂപ്രണ്ട് ശ്രീ. ആർ. ജയശങ്കർ ഐ.പി.എസ്സ്, വിജിലൻസ് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്കക പോലീസ് സൂപ്രണ്ട് ശ്രീ അജയ കുമാർ ഐ.പി.എസ്സ്.

എന്നിവർ ആശംസയും വിജിലൻസ് മാനേജർ ശ്രീ. സുരേഷ് ബാബു. കൃതജ്ഞതയും പറഞ്ഞു.



വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ഇന്റലിജൻസ് മേധാവിയായി സ്ഥലം മാറിപ്പോകുന്ന ശ്രീ മനോജ് എബ്രഹാം ഐ.പി.എസ്സിന് വിജിലൻസ് ആസ്ഥാനത്ത് വച്ച് സഹപ്രവർത്തകർ നൽകിയ യാത്രയയപ്പ്

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ. വിനോദ് കുമാർ. ഐ. പി. എസ്. ജനങ്ങളോട് അഭ്യർത്ഥിച്ചു.